(ബി) നൽകിയ പ്രതിരോധ മരുന്ന് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് നൽകിവരുന്നു.

(സി) ആവശ്യമായ വാക്സിൻ കേന്ദ്ര ഗവൺമെന്റ് സൗജന്യമായി നൽകി വരുന്നു.

(ഡി) പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യം

64(762) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിൽ എത്ര ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യമുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പകർവ്വെട്ട രോഗികളെ സ്വകാര്യ ലാബുകളുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിനായി എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറി പരിശോധനാ സൗകര്യം നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികൾ:

ജില്ലാ ആശുപത്രി	1
ജനറൽ ആശുപത്രി	1
താലൂക്ക് ആശുപത്രി	2
സി.എച്ച്.സി.	9
24 X 7 പി.എച്ച്.സി.	10
മിനി പി.എച്ച്.സി.	30
ജില്ലാ ടി.ബി. സെന്റർ	1
ആകെ	54

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിലെ ലബോറട്ടറി പരിശോധനാ സൗകര്യമുള്ള ആശുപത്രികൾ:

ജില്ലാ ആശുപത്രി	1
ജനറൽ ആശുപത്രി	1
താലൂക്ക് ആശുപത്രി	2
സി.എച്ച്.സി.	9
ജില്ലാ ടി.ബി. സെന്റർ	1
ആകെ	14

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനവും ദേശീയ ആരോഗ്യദൗത്യവും ചേർന്ന് പ്രാഥമിക കേന്ദ്രങ്ങളിൽ ഘട്ടംഘട്ടമായി സൗകര്യം ഒരുക്കുന്നതിനാണുദ്ദേശിയുള്ള പ്രവർത്തനം സർക്കാർ തലത്തിൽ നടപ്പിലാക്കി വരികയാണ്.

ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ചികിത്സാ നിരക്കിലെ വർദ്ധന

6516763) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ ചികിത്സാ നിരക്കുകൾ 15 മുതൽ 25 ശതമാനം വരെ വർദ്ധിപ്പിച്ചതുമൂലം സാധാരണ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചികിത്സാ സഹായം അന്യമാകുന്നതും പരിശോധിച്ചിരുന്നോ; എങ്കിൽ ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസ് കൂട്ടിയതും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ എ വൺ വിഭാഗത്തിന് നൽകിയ ഇളവ് ഇല്ലാതായതും, ബി വിഭാഗത്തിന് 60-ഉം, സി വിഭാഗത്തിന് 40-ഉം, ശതമാനമായി തരംതിരിവുണ്ടായത് ഒന്നാക്കി പുനഃക്രമീകരിച്ചതും ഗുണഭോക്താക്കളായ രോഗികളെ കൊള്ളയടിക്കുന്നതിനാൽ ഇത് ഒഴിവാക്കി മുൻപുള്ള രീതിയിൽ ചികിത്സാ സഹായം പുനഃസ്ഥാപിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ:

(സി) സ്കാൻ, എക്സ്-റേ, ആൻജിയോഗ്രാം, ബൈപാസ് സർജറി, ആൻജിയോപ്ലാസ്റ്റി, മൈക്രോ വാൽവ് റിപ്ലേസ്മെന്റ് (M.V.R) തുടങ്ങിയ പരിശോധനകൾക്ക് ഈടാക്കിയ വർദ്ധന എത്രയെന്നും, ഇതിൽ നിന്നും രോഗികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly